**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 45**
**27.09.2016 ലെ മറുപടിയ്ക്ക്**
**<u>പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച്</u>**

| ചോദ്യം : | ഉത്തരം : |
|---|---|
| **ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**<br>**ശ്രീ.സി.മമ്മൂട്ടി** | **ശ്രീ.ടി.എം.തോമസ് ഐസക്**<br>**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകൾക്കുള്ള എതിർപ്പ് രേഖാമൂലം ലഭിച്ചിട്ടുണ്ടോ; | ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | 01.04.2013-ന് ശേഷം സർക്കാർ സർവ്വീസിൽ നിയമിതരാവുന്നവർക്ക് നാഷണൽ പെൻഷൻ പദ്ധതി നിർബന്ധമാക്കി 07.01.2013 ലെ ജി.ഒ(പി) നം. 20/2013/ധന ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി NPS Trust, NSDL എന്നിവയുമായി സർക്കാർ കരാറിൽ ഒപ്പ് വയ്ക്കുകയും വിവിധ തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരുടെ പെൻഷൻ വിഹിതം മാസാമാസം ഈടാക്കി തത്തുല്യ സർക്കാർ വിഹിതം ഉൾപ്പെടെ മുടക്കം കൂടാതെ അവരുടെ പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നത് തുടങ്ങി നിരവധി തുടർ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ |

| | |
|---|---|
| | നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. NSDL-ൽ നിന്നും ലഭ്യമായ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2016 ആഗസ്റ്റ് 31 വരെ 131.60 കോടി രൂപ എൻ.പി.എസ് Employee contribution ഉം അത്രയും തന്നെ എൻ.പി.എസ് സർക്കാർ വിഹിതവും (Employer contribution) ചേർത്ത് ആകെ 263.20 കോടി രൂപ എൻ.പി.എസിലേക്ക് അടയ്ക്കപ്പെട്ടിട്ടുമുണ്ട്. പ്രസ്തുത പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും 14.08.2008 ലെ കേന്ദ്ര സർക്കാരിന്റെ 5(88)2006 പി.ആർ എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ്, എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ സോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് പെൻഷൻ ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. നിലവിലെ കണക്കനുസരിച്ച് 38,937 പേർ ഇതിൽ അംഗങ്ങളായിട്ടുണ്ട്. |
| (സി) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുന്ന കാര്യത്തിൽ നയം വെളിപ്പെടുത്തുമോ? | ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**